Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

**STATE POLICE MEDIA CENTRE**

**KERALA POLICE**

No.445/PR/SPMC/PHQ/2025 Date: 30.12.2025

## പത്രവാർത്ത അടിസ്ഥാന രഹിതം

ഇന്ന് 30.12.2025 (ചൊവ്വ) മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച "***144 പോലീസുകാരെ പിരിച്ചുവിട്ടെന്ന വാദത്തിന് കണക്കില്ല; ഈ സർക്കാരിന്റെ കാലത്ത് 47 മാത്രം***" എന്ന തലക്കെട്ടിൽ വന്ന വാർത്ത വസ്തുതാ വിരുദ്ധമാണ്.

25.05.2016 മുതൽ 18.09.2025 വരെയുള്ള കാലയളവിൽ ഗുരുതര ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട 82 പേരും ഗുരുതര പെരുമാറ്റദൂഷ്യത്തിന് 62 പേരെയും ഉൾപ്പെടെ 144 പോലീസുദ്യോഗസ്ഥരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ട്.

ഇതുകൂടാതെ സാധാരണ വകുപ്പുതല നടപടിയുടെ ഭാഗമായി അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിന്നതുൾപ്പെടെയുള്ള കാരണങ്ങൾക്ക് 241 പോലീസുദ്യോഗസ്ഥരേയും സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ 20.05.2021 മുതൽ 18.09.2025 വരെ ഗുരുതര ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിന് മാത്രമായി 46 പേരെയും ഗുരുതര സ്വഭാവ ദൂഷ്യത്തിന് 38 പേരെയും ഉൾപ്പെടെ 84 പോലീസുദ്യോഗസ്ഥരെ സർവീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ട്. ഇതുകൂടാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നതിന് 169 പേരെയും ഇക്കാലയളവിൽ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

യഥാർത്ഥവസ്തുത ഇതാണെന്നിരിക്കെ പോലീസ് ആസ്ഥാനത്ത് നിന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ചതെന്ന തരത്തിൽ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്ത അടിസ്ഥാനരഹിതമാണെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ അറിയിച്ചു.

****************************